കീ വില്ലേജ് സെൻറർ

* 720. [2] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ബ്ലോക്കിലും എത്ര കീ വില്ലേജ് സെൻറർ വീതം വേണമെന്ന ഗവണ്മെൻറിനു വല്ല നിർദ്ദേശവുമുണ്ടോ ;

(ബി) കുന്നത്തൂർ താലൂക്കിൽപ്പെട്ട ശാസ്താംകോട്ട, പറക്കോട് എന്നീ ബ്ലോക്കുകളിൽ ഇന്ന് എത്ര കീ വില്ലേജ് സെൻറുകൾ അനുവദിച്ചിട്ടുണ്ട് ;

(സി) അവയ്ക്ക് ഓരോന്നിനും പ്രത്യേകം കെട്ടിടം ഉണ്ടോ ;

(ഡി) ശാസ്താംകോട്ട ബ്ലോക്കിൽ പടിഞ്ഞാറെ കല്ലട ഒരു കീ വില്ലേജ് സെൻറർ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇപ്പോൾ ആ നടപടി ഏതു നിലയിൽ ഇരിക്കുന്നു ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ബ്ലോക്കാടിസ്ഥാനത്തിൽ കീ വില്ലേജ് സെൻറുകൾ തുടങ്ങുന്നതിനു നിർദ്ദേശം ഇല്ല. മൃഗസംരക്ഷണവകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന സെൻറുകൾ ബ്ലോക്കുകളിൽ ഉണ്ട്.

(ബി) ശാസ്താംകോട്ട ബ്ലോക്കിൽ ഒരു കീ വില്ലേജ് സെൻറും ആറ് ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. പറക്കോട് ബ്ലോക്കിൽ കീ വില്ലേജ് സെൻറുകൾ അനുവദിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ശാസ്താംകോട്ട കീ വില്ലേജ് സെൻറിൻറെ ഒരു ഉപകേന്ദ്രം പടിഞ്ഞാറെക്കല്ലടയിൽ 1958 മുതൽ പ്രവർത്തിച്ചുവരുന്നു.

WRITTEN ANSWERS

ഭൂപരിഷ്കരണനിയമം

* 721. [26] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭൂപരിഷ്കരണനിയമം നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്നുമുതൽ നടപ്പിൽവരുത്താനുദ്ദേശിക്കുന്നു ;

(സി) ഈ നിയമത്തിനുള്ള ചട്ടങ്ങൾ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടോ ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ, ബി) കേരള ഭൂപരിഷ്കരണനിയമം 14-1-64-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ നിയമത്തിലെ വകുപ്പുകൾ അടുത്തുതന്നെ നടപ്പിൽവരുത്തുന്നതാണ്.

(സി) ചട്ടങ്ങൾക്ക് അവസാനരൂപം നൽകിക്കൊണ്ടിരിക്കുകയാണ്. ഇവയും അടുത്തുതന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

Employees removed from the service of the Khadi Board

* 722. [28] **Shri K. Balakrihna Menon**: Will the Minister for Industries be pleased to state :

(a) what is the number of employees removed from the service of the Khadi Board ;

(b) whether any amounts due to them have been disbursed to them ; if not why ;

LIBRARY ARCHIVES Kerala Legislative Assembly